**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 147** **08-08-2023 - ൽ മറുപടിയ്ക്ക്**

**പരവൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പരവൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കെട്ടിടം നിർമ്മിയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ലഭ്യമാക്കിയ 3 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിരുന്നു. പൈൽ വർക്ക് ചെയ്യുന്നതിന് മുൻവശത്ത് സ്ഥലം ലഭ്യമല്ലാത്തതിനാൽ പാർക്കിംഗിന് വേണ്ടിയുള്ള സ്ഥലം സ്ട്രക്ചറിൽ നിർമ്മിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശിക്കുകയും പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗം തയ്യാറാക്കിയ പുതുക്കിയ ആർക്കിടെക്ചറൽ പ്ലാൻ വകുപ്പ് മേധാവി അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പ് കൊല്ലം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുകയും ടെന്റേറ്റീവ് ഡ്രോയിംഗ് തയ്യാറാക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയുടെ കാലാവധി നീട്ടികിട്ടുവാൻവേണ്ടി കൊല്ലം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. |
| (സി) | പ്രാരംഭ നടപടികൾ പൂർത്തിയാക്കി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമേ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ